# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 987

14/06/2012-ലെ മറുപടിയ്ക്ക്

### ഐ. ഐ. റ്റി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ബെന്നി ബെഹനാൻ: | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി. സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട് . |
| (ബി) | ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | കേന്ദ്ര മാനവശേഷി വകുപ്പ് സഹമന്ത്രിയുമായി ബഹു. മുഖ്യമന്ത്രിയുടെയും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ 22/09/2011-ൽ നടത്തിയ ചർച്ചയിൽ 2012-ൽ ആരംഭിക്കുന്ന 12-)o പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട് . |
| (സി) | എവിടെയാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (സി) | പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ പുതുശ്ശേരി വില്ലേജിലാണ് ഐ.ഐ.ടി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. 237.04 ഏക്കർ ഇതിനായി ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ 273. 22 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |
| (ഡി) | നിലവിലുള്ള ഏതെങ്കിലും സ്ഥാപനത്തെ ഐ.ഐ.ടിയായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതു സ്ഥാപനത്തെ ; വിശദാംശം നൽകുമോ ? | (ഡി) | നിലവിലുള്ള ഒരു സ്ഥാപനത്തെയും ഐ.ഐ.ടിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ